# രാഘവച്ചേട്ടന് അമ്പതുരൂപ്പിക (കഥ)

രചന: സുനിൽ എം എസ്, മൂത്തകുന്നം

(രണ്ടായിരത്തിലേറെ വാക്കുകളുള്ള രചന; സമയമുള്ളപ്പോൾ മാത്രം വായിയ്ക്കുക.)

മെയിൻ റോഡിൽ നിന്നു വടക്കോട്ടുള്ള റോഡിലേയ്ക്കു തിരിഞ്ഞ്, കിഴക്കേ അരികു പറ്റി നടന്നു. പടിഞ്ഞാറേ അരികിൽ വാഹനങ്ങൾ നിരയായി പാർക്കു ചെയ്തിരിയ്ക്കുന്നു. വിവിധ വലിപ്പങ്ങളിലുള്ളവ. അവയ്ക്കിടയിൽ ആപ്പെ-ഏയ്സു മുതൽ വലിയ ലോറി വരെയുണ്ട്. ചിലതു പ്ലാസ്റ്റിക് ഷീറ്റുകൾ കൊണ്ടു മൂടിയിരിയ്ക്കുന്നു. മൂടാത്തവയിലുള്ളതെന്തെന്നു കാണാം: മണൽ. അനധികൃതമായി മണൽ കടത്തുന്നതിനിടെ പിടിയ്ക്കപ്പെട്ട വാഹനങ്ങളായിരിയ്ക്കണം.

വാഹനങ്ങളുടെ നിര പോലീസ് സ്റ്റേഷന്റെ മുമ്പിലവസാനിച്ചു. സ്റ്റേഷന്റെ ഗേറ്റിൽ നിന്നിരുന്ന ഹെഡ്കോൺസ്റ്റബിൾ പരിചയഭാവത്തിൽ ചിരിച്ചു. “സാറെങ്ങോട്ടാ?”

“ഒന്നു കടവു വരെ. ഒരാളെക്കാണാനുണ്ട്.”

ഔപചാരികമായി ജനസൗഹൃദ പോലീസ് സ്റ്റേഷനായി അവരോധിയ്ക്കപ്പെടുന്നതിനു മുമ്പും ഈ പോലീസ് സ്റ്റേഷൻ ജനസൗഹൃദമായിരുന്നു. സംശയിയ്ക്കപ്പെട്ടവരെക്കൊണ്ടുവന്ന്, നിഷ്ഠുരമായി പീഡിപ്പിച്ചു കുറ്റസമ്മതം നടത്തിച്ച ചരിത്രം ഈ പോലീസ് സ്റ്റേഷനില്ല. വഴക്കും വക്കാണവും കയ്യാങ്കളിയും വളരെക്കുറവുള്ളൊരു ദേശം. മദ്യം മിതമായ വിലയിൽ ആവശ്യത്തിനു കിട്ടാതാകുമ്പോൾ ജനം അതു സ്വയം ഉത്പാദിപ്പിയ്ക്കുന്ന മേഖലകളുടെ സാമീപ്യമാണ് ഒരേയൊരു കുഴപ്പം. പോലീസിനു മാത്രമല്ല, എക്സൈസു വകുപ്പിനും തലവേദനയുണ്ടാക്കാൻ മറ്റു കാരണങ്ങൾ വേണ്ടല്ലോ.

പോലീസ് സ്റ്റേഷന്റെ വടക്കുപുറത്തു ചെറിയൊരു മൈതാനം. മുമ്പിവിടെ വോളീബോൾ കളി നടക്കാറുണ്ടായിരുന്നു. ചില വർഷങ്ങളിൽ ടൂർണമെന്റുമുണ്ടായിരുന്നു. ആ മൈതാനത്തിപ്പോൾ മണൽക്കൂമ്പാരങ്ങൾ. പിടിച്ചെടുത്ത മണലായിരിയ്ക്കണം. ഈ മണലെല്ലാം നാട്ടുകാർക്കു വിറ്റിരുന്നെങ്കിൽ വലിയ സഹായമായേനേ. മണലിനു വേണ്ടി നെട്ടോട്ടമോടുകയാണു മനുഷ്യർ. സ്വർണത്തേക്കാൾ വിലയായിട്ടുണ്ടു മണലിന്. സ്വർണം എത്ര പവൻ വേണം? എത്ര വേണമെങ്കിലും കിട്ടും. പക്ഷേ, മണൽ കിട്ടാനില്ല. സ്വർണം ഉടൻ വാങ്ങിയില്ലെന്നു വച്ച് ഗുരുതരമായ കുഴപ്പങ്ങളൊന്നും സംഭവിയ്ക്കാനില്ല. മണലില്ലെങ്കിലോ! വീടെന്ന സ്വപ്നം സ്വപ്നമായിത്തന്നെ അവശേഷിയ്ക്കും.

ഇതെല്ലാം മുന്നിൽക്കണ്ടു കൊണ്ടായിരിയ്ക്കണം, ഓടിട്ട വീടിന്റെ കൂട് അമ്മ നേരത്തേ തന്നെ പൊളിച്ചു വാർത്തത്. ഇനിയങ്ങോട്ടു ചെല്ലുന്തോറും ചെലവു കൂടി വരികയേ ഉള്ളൂ, ഒരു ദിവസം മുമ്പേ ചെയ്തു തീർക്കാൻ പറ്റിയാൽ അത്രയും നല്ലത്: അമ്മയുടെ വാക്കുകൾ. ഇന്നു മണലിനും മറ്റും വേണ്ടി ഓടിനടന്നു കഷ്ടപ്പെടേണ്ടി വരാത്തത് അന്ന് അമ്മ കാണിച്ച ദീർഘദൃഷ്ടി മൂലമാണ്. എനിയ്ക്കു വേണ്ടതെല്ലാം ഒരുക്കിവച്ച ശേഷമാണ് അമ്മ യാത്രയായത്.

ഗ്രൗണ്ടിന്റെ അതിർത്തിയിൽ ടാറിട്ട റോഡ് അവസാനിച്ചു. തുടർന്നങ്ങോട്ട് ഇടവഴിയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇടവഴി റോഡാക്കാനുള്ള ശ്രമം തുടങ്ങിവച്ചിരുന്നു: കൽപ്പൊടിയും മെറ്റലും വിരിച്ചു. തുടർന്നുണ്ടായ കാലവർഷങ്ങളിൽ കൽപ്പൊടി ഒഴുകിപ്പോയി. മെറ്റലുകൾ ഇളകി. പണ്ട് ഈ ഇടവഴിയിലുണ്ടായിരുന്ന മൃദുലമായ മണ്ണു പാദങ്ങൾക്കു സുഖം പകർന്നിരുന്നു. ഇന്നു ശ്രദ്ധയോടെ നോക്കിനടന്നില്ലെങ്കിൽ കരിങ്കൽച്ചീളുകളിൽത്തട്ടി കാൽവിരലുകൾക്കു പരിക്കേൽക്കും. ചെരിപ്പുണ്ടായിട്ടും കാര്യമില്ല. എന്നാണാവോ ഇതു ടാറിട്ട റോഡായി വളരുക!

രാഘവച്ചേട്ടന്റെ വീട്ടിലേയ്ക്ക് കുറച്ചേറെ നടക്കാനുണ്ട്. വളരെക്കാലമായി പോയിട്ട്. എങ്കിലും, പല തവണ പോയിട്ടുള്ളതുകൊണ്ടു വഴിയറിയാം.

പുഴയരികിലാണു രാഘവച്ചേട്ടന്റെ വീട്. ഈ ഇടവഴി നേരേ പുഴയരികിലെത്തും. വിശാലമായ പെരിയാറിൽ ഒരു ദ്വീപു പൊന്തിവന്നപ്പോളുണ്ടായ കൈവഴി. അതിന്റെ തീരത്തുകൂടി കുറേ നടക്കണം. വഴിയിൽ കുറുകേ, അടുപ്പിച്ചടുപ്പിച്ചു തോടുകളുണ്ടായിരുന്നു. തോടുകൾക്കു കുറുകേ തെങ്ങിൻതടിപ്പാലങ്ങളും. ഒരിയ്ക്കൽ സൈക്കിളിനാണു പോയത്. അന്നു ചില പാലങ്ങൾ ഒറ്റത്തടിപ്പാലങ്ങളായിരുന്നു. അവയുടെ മുകളിലൂടെ സൈക്കിളെടുത്തു കടത്തേണ്ടി വന്നു. സൈക്കിളോടൊപ്പം തോട്ടിൽ വീഴാതെ നോക്കാൻ ശരിയ്ക്കും ബുദ്ധിമുട്ടി. വെള്ളം കുറവായിരുന്ന ഒന്നു രണ്ടു തോടുകളിൽ ഇറങ്ങിക്കയറേണ്ടിയും വന്നു. സൈക്കിൾ സന്തതസഹചാരിയായിരുന്നെങ്കിലും, ഈവഴിയിനി സൈക്കിളിനില്ലെന്ന് അന്നു തീരുമാനമെടുത്തിരുന്നു.

കുറേക്കാലം കഴിഞ്ഞ് സൈക്കിളെടുക്കാതെ വന്നു. അപ്പോഴേയ്ക്ക്, ഒറ്റത്തെങ്ങിൻ തടിപ്പാലങ്ങളൊക്കെ സൈക്കിൾ ചവിട്ടിപ്പോകാവുന്നത്ര വീതിയുള്ള കോൺക്രീറ്റു പലകകളായിക്കഴിഞ്ഞിരുന്നു. കാലം ചെന്നപ്പോൾ അവ കലുങ്കുകളായി. ഇന്നു സൈക്കിളില്ല. ഹരിയുടെ ഓട്ടോറിക്ഷ വിളിയ്ക്കാമായിരുന്നു. ഹരിയുമായി അകന്ന ബന്ധമുണ്ട്. അതുകൊണ്ടവൻ മറ്റു ചില ഓട്ടോറിക്ഷക്കാരെപ്പോലെ "ഞെക്കിപ്പിഴി"യുകയില്ല. രാഘവച്ചേട്ടൻ വർത്തമാനപ്രിയനാണ്. രാഘവച്ചേട്ടന്റെ വർത്തമാനം കേട്ടിരുന്നുപോയാൽ കാത്തുനിൽക്കാനുള്ള സമയം ഹരിയ്ക്കുമുണ്ടാവുകയില്ല. അതുകൊണ്ടു നടന്നുപൊയ്ക്കളയാമെന്നു വച്ചു.

വെയിലാറിക്കഴിഞ്ഞു. ഈ സമയത്തു സ്വച്ഛന്ദമൊഴുകുന്ന പെരിയാറിന്റെ തീരത്തു കൂടി, ചെറു കാറ്റേറ്റു നടക്കുന്നതാണു സുഖം. ചെലവു കുറയും, ആരോഗ്യം കൂടും.

അമ്പതു രൂപ ചോദിച്ചുകൊണ്ട്, പതിവില്ലാതെ പത്താം തീയതി രാഘവച്ചേട്ടൻ വന്നപ്പോൾ കൊടുക്കാൻ പണമുണ്ടായിരുന്നില്ല. പണമില്ലാതിരുന്നതു ദാരിദ്ര്യം മൂലമല്ല. ആ സമയത്തുണ്ടായിരുന്നില്ലെന്നു മാത്രം. ചോദിച്ചു വന്നപ്പോൾ കൊടുക്കാനാകാഞ്ഞതു കൊണ്ട്, അടുത്ത തവണ അമ്പതു രൂപയ്ക്കു പകരം നൂറു രൂപ കൊടുക്കണമെന്ന് അന്നു തന്നെ വിചാരിച്ചിരുന്നു.

സാധാരണയായി എല്ലാ രണ്ടാം തീയതികളിലും രാഘവച്ചേട്ടൻ വന്ന് അമ്പതു രൂപ വാങ്ങാറുള്ളതാണ്. മിനിയാന്നു രണ്ടാം തീയതിയായിരുന്നു. അന്ന് ആളെക്കണ്ടില്ല. ഇന്നലെയും ഇന്നും കണ്ടില്ല. കഴിഞ്ഞ പത്താം തീയതി, പതിവില്ലാതെ ചോദിച്ച അമ്പതു രൂപ കൊടുക്കാഞ്ഞതിൽ പരിഭവിച്ചായിരിയ്ക്കുമോ ഇത്തവണ വരാഞ്ഞത്?

രാഘവച്ചേട്ടൻ പരിഭവിച്ചിതു വരെ കണ്ടിട്ടില്ല.

എല്ലാ രണ്ടാം തീയതികളിലും വന്ന് അമ്പതു രൂപ ചോദിച്ചു വാങ്ങുന്ന പതിവു തുടങ്ങിയിട്ട് കുറേയേറെക്കാലമായി. വാസ്തവത്തിൽ, അമ്പതു രൂപ ഇക്കാലത്തൊന്നുമല്ല. കേരളസർക്കാർ ജീവനക്കാരുടെ പോലും ശമ്പളം ഈ കാലയളവിൽ ഇരട്ടിയായിട്ടുണ്ടാകും. എങ്കിലും, രാഘവച്ചേട്ടൻ അമ്പതേ ചോദിയ്ക്കാറുള്ളൂ. അതു കൊടുക്കുന്നതിൽ ഒരു മുടക്കും വരുത്തിയിട്ടില്ല. കഴിഞ്ഞ മാസം പത്താം തീയതി വീണ്ടും അമ്പതു രൂപ ചോദിച്ചതാണു കൊടുക്കാനാകാഞ്ഞത്.

സാധാരണയായി, രണ്ടാം തീയതി നേരം വെളുക്കുമ്പോഴേയ്ക്ക് ആളെത്തും. ഞാൻ ആപ്പീസിൽപ്പോകാനിറങ്ങുന്നതിനു മുമ്പു തന്നെ എത്തണമെന്നു കരുതിയായിരിയ്ക്കണം അത്ര നേരത്തേ തന്നെ വരുന്നത്. വാർദ്ധക്യത്തിലേയ്ക്കു കാലൂന്നുന്നതിനു മുമ്പ്, രാഘവച്ചേട്ടനായിരുന്നു പുരയിടത്തിലെ പണികളെടുത്തിരുന്നത്. അക്കാലത്ത്, പലപ്പോഴും രാഘവച്ചേട്ടന്റെ കിളയ്ക്കൽ കേട്ടു ഞാനുണർന്നിട്ടുണ്ട്. നേരം പുലരും മുമ്പു തന്നെ പണികളിലേർപ്പെടുന്ന പതിവിന്റെ തുടർച്ചയാകാം രണ്ടാം തീയതികളിൽ രാവിലേ തന്നെ അമ്പതു രൂപയ്ക്കായി രാഘവച്ചേട്ടൻ എത്തുന്നത്.

വന്നയുടനെ രാഘവച്ചേട്ടൻ അധികാരത്തോടെ ചോദിയ്ക്കും, "മോനേ, രാഹച്ചേട്ടന് അമ്പതുറുപ്യ വേണം."

പണം വാങ്ങിയ ശേഷം ഒരനുസ്മരണപ്രസംഗം കൂടി നടത്തിയിട്ടേ രാഘവച്ചേട്ടൻ പോകൂ.

“ലെഷ്മിച്ചേച്ചി എന്തു തങ്കപ്പെട്ട മനുഷേത്ത്യാർന്നൂ,” തെക്കുപുറത്തേയ്ക്കു നോക്കിക്കൊണ്ടു രാഘവച്ചേട്ടൻ അനുസ്മരണത്തിനു തുടക്കമിടും. അമ്മയുടെ ചിത തെക്കുപുറത്തായിരുന്നു. “ലെഷ്മിച്ചേച്ചി ഇല്ലാർന്നെങ്കി ഞങ്ങളിപ്പഴും കൂരയ്ക്കാത്തു തന്നെ കഴിയണ്ടി വന്നേനേ.”

തുടർന്നു വരാൻ പോകുന്ന ഡയലോഗ് നന്നായറിയാം. എങ്കിലും, ആവർത്തനവിരസത ഒരിയ്ക്കൽപ്പോലും തോന്നിയിട്ടില്ല.

“ലെഷ്മിച്ചേച്ചി ആളെ വിട്ടു വിളിപ്പിച്ച്. എന്താണാവോന്നു വിചാരിച്ചാണ് വന്നത്.” ഇനി അമ്മയുടെ വാക്കുകൾ അമ്മയുടെ ഭാവമഭിനയിച്ചുകൊണ്ടു തന്നെ രാഘവച്ചേട്ടൻ പറയും. “രാഹവാ, ഇവിടത്തെ കൂടു പൊളിച്ചു വാർക്കാമ്പോണ്. പഴേ കൂട് ണ്ടാകും, ഓട് ണ്ടാകും, കൊറച്ച് കല്ലുണ്ടാകും. വേണങ്കി മൂന്നാലു ചാക്ക് സിമന്റും തരാം. ന്താ, നെനക്ക് നിന്റെ കൂര ഓടാക്കാൻ പറ്റ്വോ?”

അമ്മയുടെ സംഭാഷണത്തിനു ദൃക്‌സാക്ഷിയായിരുന്നു ഞാൻ. ‘ആളെ വിട്ടു വിളിപ്പിച്ചു’ എന്ന പരാമർശത്തിലെ ‘ആൾ’ അന്നു സ്കൂൾവിദ്യാർത്ഥിയായിരുന്ന ഞാൻ തന്നെ. എങ്കിലും രാഘവച്ചേട്ടൻ അതൊക്കെ വർണിച്ചു കേൾക്കുമ്പോളുള്ള ആത്മസംതൃപ്തി ഒന്നു വേറെ തന്നെ.

“കണ്ണടച്ചു തൊറക്കണേനു മുമ്പ് എന്റെ കൂരപ്പെര ഓടായി!” ഒരു മിനിറ്റു നേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം കഥ തുടരും. “സത്യം പറഞ്ഞാ, അങ്ങനൊന്നും നിയ്ക്കു ചെയ്തു തരാൻ പാടില്ലാത്തതാ. ലെഷ്മിച്ചേച്ചിയെ പറ്റിയ്ക്കാൻ നോക്കീട്ട് ള്ളതാ ഞാൻ!” രാഘവച്ചേട്ടൻ കണ്ണിറുക്കിച്ചിരിയ്ക്കും.

തുടർന്ന്, രാഘവച്ചേട്ടൻ അമ്മയെ “പറ്റിച്ച” കഥ വരും.

“വടക്കേലെ പട്ടാളക്കാരൻ ലീവിനു വന്നപ്പോ കൊറച്ച് റം തന്ന്. രാത്രി കൊറേക്കുടിച്ച്. ബാക്കീണ്ടാർന്നത് കാലത്തും കുടിച്ച്. അപ്പ ദേവകി പെണങ്ങി. വെള്ളടിച്ചോണ്ടാണാ ലെഷ്മിച്ചേച്ചീടവട പണിയ്ക്ക് പോണത് ന്ന് അവളു ചോദിച്ച്. അപ്പ കൊറേ നേരം കുടിക്കെടന്ന്. പിന്നെ കെടക്കപ്പൊറുതീല്ലാണ്ടായി. വൈകിപ്പോയില്ലേ!”

ഇതിനകം ശാരി കഥ കേൾക്കാനെത്തിയിട്ടുണ്ടാകും. അവൾക്കും രാഘവച്ചേട്ടന്റെ കഥ ഇഷ്ടമാണ്.

അടുത്തതായി രാഘവച്ചേട്ടൻ പതുങ്ങി നടപ്പ് അഭിനയിച്ചുകാണിയ്ക്കും. “ലെഷ്മിച്ചേച്ചി കാണാതെ, പടിഞ്ഞാപ്രത്തൂടി പതുങ്ങിപ്പതുങ്ങിച്ചെന്ന് കെളയ്ക്കാൻ തൊടങ്ങി. വെയിലിന് നല്ല ചൂടല്ലേ. ഉള്ളിലെച്ചൂടും പൊറത്തെച്ചൂടും കൂടിയായപ്പോ മാവിന്റെ ചോട്ടില് കെടന്നൊറങ്ങിപ്പോയി.”

അക്കാര്യമോർത്തു രാഘവച്ചേട്ടൻ ഊറിച്ചിരിയ്ക്കും. “അന്നിവ് ടെ വരാന്തേം അരമതിലുമാ. ദാ, അവ് ടെ വട്ടമേശ. അതിനപ്രത്ത് ചാരുകസേലേല് ലെഷ്മിച്ചേച്ചി ഇരിയ്ക്കും. കണ്ണടേം വെച്ച്.”

ശരിയാണ്. പിൽക്കാലത്താണു വരാന്തയും അരമതിലും സ്വീകരണമുറിയ്ക്കായി വഴി മാറിയത്. കണ്ണട ധരിച്ചു ചാരുകസേരയിലിരുന്നു വായിയ്ക്കുന്ന അമ്മയുടെ ചിത്രം ഫ്രെയിം ചെയ്തതു പോലെ മങ്ങാതെ മനസ്സിലുണ്ട്. അതോർക്കുമ്പോൾ ചെറിയൊരു നൊമ്പരമനുഭവപ്പെടും. ഇഷ്ടപ്പെട്ട കാഴ്ചകൾ അനന്തകാലം തുടരണമെന്ന ആഗ്രഹം വൃഥാവിലാണെന്നറിയാഞ്ഞല്ല. എന്നാലും...

അമ്മയുടെ ചാരുകസേര കിടന്നിരുന്ന സ്ഥലത്തേയ്ക്കു ചൂണ്ടിക്കൊണ്ടു രാഘവച്ചേട്ടൻ പറയും, “ദേ, ഇവ് ടിരുന്നോണ്ട് പറമ്പില് നടക്കണതൊക്കെ ലെഷ്മിച്ചേച്ചി അറിയും.” ഇനി വിനയാന്വിതനായി വാ പൊത്തിപ്പിടിച്ചാണു രാഘവച്ചേട്ടൻ പറയുക. “വൈന്നേരം കാശു വാങ്ങാൻ ലെഷ്മിച്ചേച്ചീടെ മുമ്പീച്ചെന്നു നിന്ന്. ലെഷ്മിച്ചേച്ചി കാശെടുത്ത് തന്ന്. ന്ന് ട്ട് പറയ്യാ, ‘രാഹവാ, നീ നെഞ്ചത്ത് കൈ വെച്ച് പറ, നീയിന്ന്

സത്യമായും പണിതട്ട് ണ്ട് ന്ന്.' ന്ന് ട്ട് കണ്ണടേക്കൂടെ ഒരു നോട്ടോം!"

ശിരസ്സല്പം ഉയർത്തിപ്പിടിച്ച്, കണ്ണടയുടെ അടിയിലെ ചില്ലിലൂടെയുള്ള അമ്മയുടെ നോട്ടം രാഘവച്ചേട്ടൻ "നോക്കി"ക്കാണിയ്ക്കും. അമ്മേയുടെ ആ തുളച്ചുനോട്ടം പ്രസിദ്ധമായിരുന്നു.

"ലെഷ്മിച്ചേച്ചീടെ കാൽക്കല് കാശു വെച്ച്, ന്നോട്ടു പൊറുക്കണം ന്നും പറഞ്ഞ് ഞാനൊരോട്ടോടി." രാഘവച്ചേട്ടൻ കുലുങ്ങിച്ചിരിയ്ക്കും. ഞാനും ശാരിയും കൂടെച്ചിരിയ്ക്കും. ഞങ്ങൾ ചിരിയ്ക്കുന്നതു മറ്റൊരു കഥ കൂടിയോർത്താണ്. ആ കഥ ഞാൻ പറഞ്ഞ് ശാരിയും അറിഞ്ഞിട്ടുണ്ട്.

അന്നു ഞാൻ ഒമ്പതിൽപ്പഠിയ്ക്കുന്നു. സ്കൂളിന്റെ ജൂനിയർ ഫുട്ബോൾ ടീമിൽ കടന്നു കൂടാൻ പറ്റി. മറ്റൊരു സ്കൂളുമായി കളിയ്ക്കാൻ പോകണം. ആ സ്കൂളുമായി നടന്ന ഒരു കളിയ്ക്കിടയിൽ അതിഥിടീമംഗങ്ങൾക്കു തല്ലുകൊണ്ടു പരിക്കേറ്റെന്ന് അമ്മയെങ്ങനെയോ കേൾക്കാനിട വന്നിരുന്നു. ഫുട്ബോൾ കളിയ്ക്കിടെ എനിയ്ക്കു പറ്റാറുള്ള പരിക്കുകൾ അമ്മ പരിചരിയ്ക്കുമ്പോളുള്ള നിശ്ശബ്ദതയുടെ വാചാലത എനിയ്ക്കു നന്നായി മനസ്സിലാകാറുള്ളതുമാണ്. "അവിടെപ്പോയി കളിയ്ക്കണ്ട," അമ്മ തീർത്തുപറഞ്ഞു.

പോവില്ലെന്നു മനമില്ലാമനസ്സോടെ സമ്മതിച്ചു. പക്ഷേ, ഫുട്ബോളിനോടുള്ള ആസക്തി അടക്കാനായില്ല. പോകാൻ രഹസ്യമായി തയ്യാറെടുത്തു. സ്കൂൾ സമയത്താണു കളി. പതിവു സമയത്തു തന്നെ വീട്ടിലെത്തുകയും ചെയ്യാം. കളിയ്ക്കാൻ പോയ വിവരം അമ്മയറിയാൻ ഒരു വഴിയുമില്ല. കളി കഴിഞ്ഞു വന്ന ശേഷം അമ്മയുടെ മുന്നിൽ കുമ്പസാരിയ്ക്കാം. അതായിരുന്നു, പദ്ധതി.

കളിയുടെ ദിവസം രാവിലെ അമ്മ പെട്ടെന്ന് എന്റെ നേരേ തിരിഞ്ഞുകൊണ്ടു പറഞ്ഞു, "കുട്ടാ, നീ അമ്മോട് നൊണ പറഞ്ഞിട്ടില്ലാന്ന് അമ്മേടെ നെറുകേല് കൈ വച്ചുകൊണ്ടു പറയ്."

ഇടയ്ക്കൊരു നുണയൊക്കെപ്പറയാം, സാരമില്ലെന്ന മട്ടിൽ ഞാനെഴുന്നേറ്റു. പക്ഷേ അമ്മയുടെ ശിരസ്സിൽ കൈവയ്ക്കാനുയർന്ന കൈയ്ക്കു പ്രകടമായ വിറയലുണ്ടായിരുന്നു. അമ്മയുടെ ശിരസ്സല്പം ഉയർത്തിപ്പിടിച്ചുള്ള, തുളച്ചു കയറുന്ന നോട്ടം നേരിടാനുള്ള ശക്തിയുണ്ടായില്ല. തൊണ്ടയടഞ്ഞു. വിക്കിവിക്കിപ്പറഞ്ഞു, "ഞാൻ അമ്മോട് നൊണ പറഞ്ഞു..." സ്കൂൾ ജൂനിയർ ടീമിന്റെ ഫുൾ ബാക്ക് ആകേണ്ടിയിരുന്നയാൾ പെൺകുട്ടിയെപ്പോലെ ചുണ്ടു പിളുത്തിക്കരഞ്ഞു!

"ന്നട്ട് കേൾക്ക്" രാഘവച്ചേട്ടൻ ഉത്സാഹപൂർവം കഥ തുടരുമ്പോൾ ഓർമ്മകളുടെ ലോകത്തു നിന്നു ഞാൻ മടങ്ങിവരും. "പിറ്റേന്ന് വെളുപ്പിന് നാല്ര മണിയ്ക്ക് പറമ്പിലെ ഒച്ച കേട്ട് ലെഷ്മിച്ചേച്ചി ലൈറ്റിട്ട് നോക്കുമ്പോ ഞാൻ നിലാവെട്ടത്ത് നിന്ന് കെളയ്ക്കാ. നേരം വെളുത്തപ്പളയ്ക്കും ലെഷ്മിച്ചേച്ചി വിളിച്ച്. രാഹവാ, വന്ന് ചായ കുടിയ്ക്ക്. നോക്കുമ്പ, വട്ടമേശേമ്മല് പുട്ട്, കടല, പപ്പടം, ചായ. ആവി പറക്കണ്." പുട്ടിന്റേയും കടലയുടേയും രുചി വായിൽ തങ്ങിനിൽക്കുന്നതു പോലെ രാഘവച്ചേട്ടൻ നുണയും. "ന്നട്ട് വൈകീട്ട് ഒന്നല്ല, രണ്ട് ദെവസത്തെക്കാശും തന്ന്."

തുടർന്ന് രാഘവച്ചേട്ടൻ നിശ്ശബ്ദനാകും. അനുസ്മരണത്തിലെ അവസാന വാചകവും എനിയ്ക്കറിയാം.

"ഒക്കെപ്പോയില്ലേ, മോനേ..."

തെക്കുവശത്ത് അമ്മയുടെ ചിതയ്ക്കുള്ള കുഴിയെടുക്കുമ്പോൾ രാഘവച്ചേട്ടൻ ഏങ്ങിക്കരഞ്ഞിരുന്നതു കണ്ണുനീരിന്റെ മൂടലിലൂടെ ഞാൻ കണ്ടിരുന്നു.

അതുകൊണ്ടൊക്കെയാകണം പതിവില്ലാതെ പത്താം തീയതി രാഘവച്ചേട്ടൻ വന്നു ചോദിച്ചപ്പോൾ അമ്പതു രൂപ കൊടുക്കാൻ പറ്റിയില്ലല്ലോ എന്ന സങ്കടം തോന്നിയത്.

അന്നു തലയും കുനിച്ചു മെല്ലെ നടന്നു പോകുന്ന രാഘവച്ചേട്ടനെ പുരയിടത്തിലെവിടെയോ നിന്നുകൊണ്ടു

ശാരി കണ്ടിരുന്നു. അവൾ വന്ന വിവരം തിരക്കി.

ഞാൻ കാര്യം പറഞ്ഞു.

അത്യാവശ്യത്തിനുള്ള പണം മാത്രമേ ഇവിടിരിപ്പുള്ളൂ. ഗ്യാസിനും പത്രക്കാരൻ ശ്രീനിയ്ക്കും കൊടുക്കാനുള്ളതെടുത്ത് എങ്ങനെ രാഘവച്ചേട്ടനു കൊടുക്കും? ഗ്യാസു ബുക്കു ചെയ്തിട്ടു കുറച്ചു ദിവസമായി. ഏതു നിമിഷവും ഗ്യാസു വരാം. പണം തികയില്ലെന്നു പറഞ്ഞു ഗ്യാസുകാരനെ മടക്കിവിടുക വയ്യ. സാധാരണയായി അഞ്ചാം തീയതിയ്ക്കുള്ളിൽ ശ്രീനി വരാറുള്ളതാണ്. പത്താം തീയതിയായ നിലയ്ക്കു ശ്രീനിയും ഏതു നിമിഷവും കയറി വരാം. കൊടുക്കാനുള്ളതു വൈകിയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. ഞായറാഴ്ച കൂടിയായതുകൊണ്ട് തിങ്കളാഴ്ച ആപ്പീസിൽ നിന്നു മടങ്ങി വരുമ്പോൾ മാത്രമേ അക്കൗണ്ടിൽ നിന്നു പണമെടുക്കാനാകൂ.

“ശ്രീനിയെ വിളിച്ച് ചൊവ്വാഴ്ച വന്നാ മതീന്നു പറയാരുന്നു. രാഘവച്ചേട്ടനെ വെറും കൈയോടെ വിടേണ്ടിയിരുന്നില്ല.”

ശാരിയതു പറഞ്ഞപ്പോൾ, അങ്ങനെ ചെയ്യാമായിരുന്നെന്ന് എനിയ്ക്കും തോന്നി. ഇതാണെന്റെ കുഴപ്പം: വേണ്ടതു വേണ്ട നേരത്തു തോന്നുകയില്ല. പോംവഴികൾ കൂടുതൽ തെളിഞ്ഞു കാണുന്നതവളാണ്, ശാരി.

ഞാനുടൻ ശ്രീനിയെ വിളിച്ചു ചൊവ്വാഴ്ചയ്ക്കു മുമ്പു വരല്ലേയെന്നു പറഞ്ഞു. പണവുമായി റോഡു വരെപ്പോയി നോക്കി. പക്ഷേ, രാഘവച്ചേട്ടനെ എവിടേയും കണ്ടില്ല. ഏതെങ്കിലും ബസ്സിൽ പിടിച്ചുകയറി എവിടേയ്ക്കെങ്കിലും പോയിട്ടുണ്ടാകും. എന്തെങ്കിലും അത്യാവശ്യമുള്ളതുകൊണ്ടായിരിയ്ക്കും എന്റെയടുത്തേയ്ക്കോടി വന്നത്.

അമ്പതു രൂപയല്ലേ വേണ്ടിയിരുന്നുള്ളൂ. ഇന്നത്തെക്കാലത്ത് അതു വലിയ തുകയൊന്നുമല്ലല്ലോ. ആരെങ്കിലുമൊക്കെ രാഘവച്ചേട്ടന് അമ്പതു രൂപ കൊടുത്തു സഹായിച്ചിട്ടുണ്ടാകും. രാഘവച്ചേട്ടന്റെ ആവശ്യം നിറവേറിക്കാണും. ഞാൻ സ്വയം സമാധാനിയ്ക്കാൻ ശ്രമിച്ചു.

എങ്കിലും, രാഘവച്ചേട്ടനെ വെറും കൈയോടെ മടക്കിവിട്ടതിൽ നേരിയൊരു നൊമ്പരം തോന്നി. അടുത്ത തവണ രാഘവച്ചേട്ടൻ വരുമ്പോൾ കൂടുതൽ തുക കൊടുക്കണമെന്ന് അന്നു തന്നെ തീരുമാനിച്ചിരുന്നു. രണ്ടാം തീയതി രാഘവച്ചേട്ടൻ വന്നിരുന്നെങ്കിൽ പതിവുള്ള അമ്പതിനു പകരം നൂറു തന്നെ കൊടുക്കുമായിരുന്നു.

പോക്കറ്റിൽ നോക്കി. നൂറും ഇരുനൂറും അതിലേറെയുമുണ്ട്.

“കേശുച്ചേട്ടനിതെങ്ങോട്ടാ?”

മെറ്റലിളകിക്കിടക്കുന്ന നിലത്തു നോക്കി, ചിന്തയിൽ മുഴുകി നടക്കുകയായിരുന്നു, ഞാൻ. ചോദ്യം കേട്ടു തലയുയർത്തി നോക്കി. ലൂയീസ്. രാഘവച്ചേട്ടന്റെ വീട്ടിൽ നിന്ന് അല്പമകലെ, പുഴയരികിൽ, ലൂയീസിന്റെ അപ്പച്ചൻ ആന്റണിച്ചേട്ടൻ വർഷങ്ങൾക്കു മുമ്പു സ്ഥാപിച്ച തടിമില്ല് ഇപ്പോൾ നടത്തുന്നതു ലൂയീസാണ്. ചെറുപ്പക്കാരനായ വ്യവസായിയാണു ലൂയീസ്.

“ഞാൻ നമ്മടെ രാഘവച്ചേട്ടനെയൊന്നു കാണാമെന്നു വിചാരിച്ചിറങ്ങിയതാണ്. മില്ലൊക്കെ നന്നായി നടക്കുന്നുണ്ടല്ലോ, ഇല്ലേ?” ഞാൻ കുശലം ചോദിച്ചു.

“കേശുച്ചേട്ടൻ ആരെക്കാണാൻ പോവുകയാണെന്നാ പറഞ്ഞത്?”

ഞാൻ രാഘവച്ചേട്ടന്റെ പേര് ആവർത്തിച്ചു.

ലൂയീസ് നിശ്ശബ്ദനായി നിന്നു. പഴയ തലമുറയിൽപ്പെട്ട രാഘവച്ചേട്ടനെ പുതിയ തലമുറയിൽപ്പെട്ട ലൂയീസിനു മനസ്സിലായിട്ടുണ്ടാവില്ല. അതിലതിശയമില്ല, പഴയ തലമുറയെ പുതുതലമുറ അറിഞ്ഞില്ലെന്നു വരും.

“ഞാൻ നടക്കട്ടേ, ലൂയീസേ.” ഏതു രാഘവച്ചേട്ടനെന്ന സന്ദിഗ്ദ്ധഭാവത്തിൽ ലൂയീസ് നോക്കി നിൽക്കേ, ഞാൻ മുന്നോട്ടു നടന്നു.

അദ്ധ്വാനിയ്ക്കാനായ കാലം വരെ വീട്ടുപുരയിടത്തിലെ സ്ഥിരം പണിക്കാരനായിരുന്നു രാഘവച്ചേട്ടൻ. അമ്മ പറയുമായിരുന്നു: ‘രാഘവനെപ്പോലുള്ളവര് ഭൂമീല് ആത്മാർത്ഥതയോടെ അദ്ധ്വാനിയ്ക്കണതു കൊണ്ടാണ് ഭൂമി നമുക്കാവശ്യമുള്ളതൊക്കെ തരണത്; അവരോടൊക്കെ നമുക്ക് നന്ദീണ്ടാവണം.’ ഇന്നും തെങ്ങുകയറ്റം കഴിഞ്ഞയുടനെ മുറ്റത്തു കൂട്ടാറുള്ള നാളികേരങ്ങൾ കാണുമ്പോളൊക്കെ അമ്മയുടെ വാക്കുകൾ കാതുകളിൽ മുഴങ്ങും.

അമ്മയുടെ വാക്കുകളായിരുന്നു ബാല്യം മുതൽക്കേ ഞാൻ രാഘവച്ചേട്ടനെ ശ്രദ്ധിയ്ക്കാനിടയാക്കിയത്. ഒരുപക്ഷേ, അത്തരം പാഠങ്ങൾ ലൂയീസിന്റെ ബാല്യത്തിൽ ആന്റണിച്ചേട്ടൻ പറഞ്ഞുകൊടുത്തിട്ടുണ്ടാവില്ല. അതുകൊണ്ടായിരിയ്ക്കും രാഘവച്ചേട്ടന്റെ പേരു കേട്ടിട്ടും ആളെ തിരിച്ചറിയാനാകാതെ, ലൂയീസു സംശയിച്ചു നിന്നത്. മുൻ തലമുറയെ പുതു തലമുറ ഇങ്ങനെ വിസ്മരിച്ചുകളയാൻ പാടില്ല.

നടന്നു നടന്ന് പുഴയോരത്തെത്തിയതറിഞ്ഞില്ല. പുഴ നിശ്ചലമായിക്കിടക്കുന്നു. ഏറ്റമോ ഇറക്കമോ ഇല്ലാത്ത സമയമായിരിയ്ക്കണം.

വെയിലും നിഴലും ചിത്രം വരയ്ക്കാറുണ്ടായിരുന്ന പുഴയോരം ആകെ മാറിപ്പോയിരിയ്ക്കുന്നു. റോഡിന്റെ ഇരുവശത്തും മതിലുകളുയർന്നിരിയ്ക്കുന്നു. മതിലുകൾക്കുള്ളിൽ സൗധങ്ങളും.

വർഷം തോറുമുണ്ടാകാറുണ്ടായിരുന്ന വെള്ളപ്പൊക്കം ഇടുക്കി അണക്കെട്ടുണ്ടായതോടെ നിലച്ചു. വെള്ളപ്പൊക്കഭീഷണിയകന്നതോടെ കൂടുതൽപ്പേർ പുഴക്കരയെ തങ്ങളുടെ വാസസ്ഥലമാക്കിയിരിയ്ക്കുന്നു. വാഹനങ്ങളുടെ ശബ്ദകോലാഹലങ്ങൾ ഇനിയുമായിട്ടില്ലാത്ത, ചൂടും തണുപ്പുമില്ലാത്ത, ശാന്തമായ സുഖവാസകേന്ദ്രം എന്നു പറയണം.

ഒരു കാലത്തു തോടുകളും തെങ്ങിൻ തടിപ്പാലങ്ങളുമായിരുന്നു, ഈ പ്രദേശത്തിന്റെ മുഖമുദ്ര. ഇപ്പോൾ അവയെല്ലാം അപ്രത്യക്ഷമായിരിയ്ക്കുന്നു. ഗതാഗതം മുഴുവനും റോഡു വഴിയായതോടെ, വള്ളങ്ങൾ അടുപ്പിയ്ക്കേണ്ടയാവശ്യമില്ലാതായി. വാട്ടർ അതോറിറ്റിയുടെ വെള്ളം വീടിനകത്തേയ്ക്കു കടന്നുവരുന്നതുകൊണ്ട്, കുളി കുളിക്കടവിൽ നിന്നു ടൈലുകൾ വിരിച്ച കുളിമുറിയിൽ, ഷവറിന്റെ ചുവട്ടിലേയ്ക്കു മാറി. ഇതൊക്കെക്കാരണം പണ്ടുണ്ടായിരുന്ന കടവുകൾ ഇല്ലാതായി.

ഒരു കാലഘട്ടം മുഴുവനും പോയിമറഞ്ഞതു പോലെ.

നടപ്പു കുറേ നടന്നെങ്കിലും ഒറ്റത്തടിപ്പാലങ്ങൾ റോഡിനു വഴിമാറിക്കൊടുത്തിരിയ്ക്കുന്നതു കൊണ്ടു ബഹുദൂരം അതിവേഗം അനായാസം നടക്കാനായെന്നു തോന്നി. റോഡു നന്നായാൽ യാത്രാസമയം ഇനിയും കുറയും.

ഒരു വളവു തിരിഞ്ഞപ്പോൾ രാഘവച്ചേട്ടന്റെ വീടിനു മുന്നിലെത്തി. വലിയ കുറേ വീടുകളുടെ ഇടയിലെ, ഓടിട്ട, ചെറിയ വീടു കണ്ടു പിടിയ്ക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ചുറ്റും കാണുന്ന ഈ സൗധങ്ങൾ മുമ്പുണ്ടായിരുന്നില്ല. അവയുടെ വലിപ്പം കാരണം രാഘവച്ചേട്ടന്റെ വീടു മുമ്പത്തേക്കാൾ ചുരുങ്ങി, ചെറുതായതു പോലെ തോന്നി. ശീമക്കൊന്ന കൊണ്ടു പേരിനു മാത്രമുള്ള വേലി. ചെറിയ മുറ്റം. മുറ്റമാകെ അലങ്കോലപ്പെട്ടു കിടക്കുന്നു.

രാഘവച്ചേട്ടനെ പുറത്തെവിടേയും കണ്ടില്ല. വാതിൽ തുറന്നു കിടക്കുന്നു.

“രാഘവച്ചേട്ടാ,” ഞാൻ വിളിച്ചു.

കാണുമ്പോൾ രാഘവച്ചേട്ടനു സന്തോഷമാകും. പരിഭവമൊന്നുമില്ലെന്നു കരുതാം. കണ്ടയുടനെ നൂറു രൂപയെടുത്തു കൊടുത്തേയ്ക്കാം. അതിലേറെച്ചോദിയ്ക്കുകയാണെങ്കിൽ നൂറു കൂടി കൊടുക്കാം. പോക്കറ്റിൽ പണം ധാരാളം.

പ്രതികരണമൊന്നും കേൾക്കാഞ്ഞതുകൊണ്ട് അല്പം കൂടി ഉറക്കെ വിളിച്ചു, “ രാഘവച്ചേട്ടാ.” അല്പം കഴിഞ്ഞു വിളി ആവർത്തിച്ചു.

മുറിയിൽ നേരിയ അനക്കമുണ്ടായി. അകത്ത്, നിലത്തു വിരിച്ചിരുന്ന പായയിൽ ആരോ പതുക്കെയെഴുന്നേറ്റിരിയ്ക്കുന്നതു വാതിലിലൂടെ കണ്ടു. ഒരു സ്ത്രീരൂപം. അവർ മെല്ലെയെഴുന്നേറ്റ്, ചുവരിൽപ്പിടിച്ചു വന്ന്, വാതിൽപ്പടിയിൽ ചാരി നിന്നു.

വാർദ്ധക്യം ബാധിച്ച, മെലിഞ്ഞുണങ്ങിയ ശരീരം. നരച്ച മുടി പാറിപ്പറക്കുന്നു. മുഷിഞ്ഞ വസ്ത്രങ്ങൾ. അവർ അവശതയോടെ വാതിൽപ്പടിമേൽ തല ചായ്ച്ചു തളർന്നു നിന്നു.

ഇതു ദേവകിച്ചേച്ചി തന്നെയാണോ! രാഘവച്ചേട്ടനെ ഓരോ മാസവും കാണാറുണ്ടായിരുന്നു. ദേവകിച്ചേച്ചിയെ കണ്ടിട്ടു കൊല്ലങ്ങളായി. പണ്ടു കണ്ട രൂപവുമായി യാതൊരു സാമ്യവുമില്ല. അതുകൊണ്ടു ചോദിച്ചു, “ദേവകിച്ചേച്ചിയല്ലേ?”

“കണ്ണു പിടിയ്ക്കണില്ല മോനേ. ആരാ?”

"ലക്ഷ്മിച്ചേച്ചീടെ മോനാ.” ഞാൻ സ്വയം പരിചയപ്പെടുത്തി. “രാഘവച്ചേട്ടനില്ലേ?”

ദേവകിച്ചേച്ചി കരയാൻ തുടങ്ങി. “രാഘവച്ചേട്ടൻ പോയി, മോനേ...”

വല്ലായ്മയോടെ ചോദിച്ചു, “രാഘവച്ചേട്ടൻ എപ്പഴാ വരിക?”

"രാത്രി അത്താഴോം കഴിച്ച് കെടന്നതാ. കാലത്തെണീറ്റില്ല...” കരച്ചിലിന്റെ അണ പൊട്ടി. “മരണസങ്കക്കാരാ ഒക്കെ ചെയ്തത്...” ഏങ്ങിക്കരയുന്നതിനിടയിൽ ദേവകിച്ചേച്ചി പറഞ്ഞു, “ആരേക്കെ അറീയ്ക്കണം ന്ന് അവര് ചോദിച്ച്... നിയ്ക്കൊരു ബോധോം ണ്ടായില്ല...” കരച്ചിലിന്റെ കുത്തൊഴുക്കിൽത്തളർന്ന് ദേവകിച്ചേച്ചി വരാന്തയിലെ ചുമരിൽച്ചാരി നിലത്തിരുന്നു.

ഞാൻ തരിച്ചു നിന്നു...

രാഘവച്ചേട്ടനെക്കാണാനെന്നു പറഞ്ഞപ്പോൾ ലൂയീസിന്റെ മുഖത്തുണ്ടായ ഭാവമാറ്റമോർത്തു...രാഘവച്ചേട്ടൻ വിടവാങ്ങിയെന്നു പറയാനൊരുങ്ങിയതായിരിയ്ക്കണം, ലൂയീസ്...ലൂയീസിനെ വെറുതേ തെറ്റിദ്ധരിച്ചു.

“ലെഷ്മിച്ചേച്ചീടെ കാര്യം ഇവടെപ്പറയ്വോയിര്ന്ന്...മോന്റേം കാര്യം എപ്പഴും പറയ്വോയിര്ന്ന്...”

ഇടർച്ചയോടെ പറഞ്ഞ വാക്കുകൾ ഹൃദയത്തിൽ തുളച്ചു കയറി. രാഘവച്ചേട്ടൻ ചോദിച്ചത് അമ്പതു രൂപ മാത്രമായിരുന്നു. എന്നിട്ടുമതു കൊടുക്കാൻ തോന്നിയില്ലല്ലോ, ഈശ്വരാ...

“നിയ്ക്കാരുല്ല മോനേ…” ദേവകിച്ചേച്ചിയുടെ നെഞ്ചിൻകൂട് ഉയർന്നു താണു. ചുളിവുകൾ വീണ മുഖം കണ്ണുനീരിൽ കുതിർന്നു. “എന്നെയിട്ടിട്ട് പോയീ…”

അമ്മയുടെ മുഖം തെളിഞ്ഞു വന്നു…ശിരസ്സുയർത്തി കണ്ണടയിലൂടെ തുറിച്ചു നോക്കുന്ന മുഖം; കുറ്റപ്പെടുത്തുന്ന ഭാവം.

സഹിയ്ക്കാനായില്ല. ചെരിപ്പൂരി മുറ്റത്തിട്ടു വരാന്തയിലേയ്ക്കു കയറി, നിലത്തിരുന്ന് ദേവകിച്ചേച്ചിയെ മാറോടു ചേർത്തു. “ഞങ്ങള് ണ്ട്, ദേവകിച്ചേച്ചിയ്ക്ക്…” എണ്ണ പുരളാത്ത മുടിയിലും എല്ലുന്തിയ പുറത്തും ശുഷ്കിച്ച കൈകളിലും തലോടി.

മനസ്സിൽ ചോദ്യങ്ങളുയർന്നു. രാഘവച്ചേട്ടന് ഒരു മകനുണ്ടായിരുന്നെന്നു കേട്ടിട്ടുണ്ട്. അയാളെവിടെപ്പോയി? ഒരു സഹായത്തിന് ഒരു ബന്ധു പോലുമില്ലേ?

അകത്തു നിന്ന് ആരും വന്നില്ല. അകത്താരുമുണ്ടെന്നു തോന്നിയില്ല. ഈ സ്ഥിതിയിൽ ആരുടേയും സഹായമില്ലാതെ ദേവകിച്ചേച്ചിയ്ക്കു ജീവിയ്ക്കാനാവില്ലെന്നുറപ്പ്.

എന്തു ചെയ്യും? എങ്ങനെ സഹായിയ്ക്കാനാകും? ഞാൻ പകച്ചു.

അവളെ വിളിയ്ക്കാം, ശാരിയെ. അവളെന്തെങ്കിലുമൊരു വഴി കാണും. തേങ്ങുന്ന ദേവകിച്ചേച്ചിയെ മാറിൽ നിന്നടർത്തി, മെല്ലെ ചുമരിൽ ചാരിയിരുത്തി. മുറ്റത്തേയ്ക്കിറങ്ങി, പോക്കറ്റിൽ നിന്നു സെൽ ഫോണെടുത്തു.

“അടുക്കളയിൽക്കയറി നോക്ക്,” ശാരി ഫോണിൽക്കൂടി നിർദ്ദേശിച്ചു.

പാചകം നടന്നതിന്റെ ലക്ഷണമൊന്നും അടുക്കളയിൽ കണ്ടില്ല.

“ഹരിയോടിങ്ങട് വരാൻ പറയ്.”

ഞാൻ വിളിച്ചു പറഞ്ഞയുടൻ ഹരി ഓട്ടോയുമായി വീട്ടിലേയ്ക്കു ചെന്നു കാണണം. മിനിറ്റുകൾക്കകം ശാരി ഓട്ടോയിലെത്തി.

അവളുടെ കൈയിൽ സഞ്ചികളും ചോറ്റുപാത്രവുമുണ്ടായിരുന്നു. ചുമരും ചാരി തളർന്നു കണ്ണടച്ചിരുന്നിരുന്ന ദേവകിച്ചേച്ചിയുടെ തോളിൽ സ്പർശിച്ചുകൊണ്ട് അവൾ വിളിച്ചു, “ദേവകിച്ചേച്ചീ”.

ശാരി അകത്തുകയറിത്തിരഞ്ഞ് ഇട്ടിരിയ്ക്കാനുള്ളൊരു പലക കണ്ടെടുത്തു. മൊന്തയിൽ വെള്ളം കൊണ്ടുവന്നു. അവളുടെ നിർബന്ധം മൂലം ദേവകിച്ചേച്ചി എഴുന്നേറ്റു. കൈകഴുകി. പലകയിലിരുന്നു. അവൾ വിളമ്പിയ ചോറും കറികളും കണ്ട് വീണ്ടും കരഞ്ഞു. എങ്കിലും, വിശക്കുന്നുണ്ടായിരിയ്ക്കണം. കണ്ണീർ വാർത്തുകൊണ്ട് ആഹാരം കുറേശ്ശെ കഴിയ്ക്കാൻ തുടങ്ങി.

ചോറും കറികളും മാത്രമല്ല, അത്യാവശ്യത്തിന് അല്പം അരിയും മറ്റു ചില പലചരക്കിനങ്ങളും രണ്ടു മൂന്നു പച്ചക്കറികളും ശാരി കൊണ്ടുവന്നിരുന്നു. വീട്ടിലുണ്ടായിരുന്നവയുടെ ഒരു പങ്ക്. അവളവയെല്ലാം അടുക്കളയിൽ അടുക്കി വച്ചു.

ചോറുണ്ണുന്ന ദേവകിച്ചേച്ചിയുടെ സമീപത്തു വീണ്ടും വന്നിരുന്നുകൊണ്ടു ശാരി പറഞ്ഞു, “രണ്ടു ദിവസത്തേയ്ക്കുള്ള സാധനങ്ങൾ അടുക്കളയിൽ വച്ചിട്ടുണ്ട്. ദിവസം മൂന്നു നേരം ഭക്ഷണം ണ്ടാക്കിക്കഴിച്ചോളണം. കഴിച്ചോളൂല്ലേ?”

"എന്നെയിട്ടട്ട് പോയില്ലേ, മോളേ…” ദേവകിച്ചേച്ചി വീണ്ടും കരഞ്ഞു.

“ദേവകിച്ചേച്ചി ണ്ടാക്കിക്കഴിച്ചില്ലെങ്കില് ദിവസേന ഞാൻ ഭക്ഷണം കൊണ്ടുവരും.” ശാരിയുടെ ഭീഷണി കേട്ടു ഞാൻ ചിരിച്ചുപോയി.

“ന്റെ മോളു ബുദ്ധിമുട്ടണ്ടാ...ഞാനിണ്ടാക്കിക്കഴിച്ചോളാം...”

“ഇടയ്ക്കിടെ ഞാൻ വന്നു നോക്കും. ആഹാരം ണ്ടാക്കിക്കഴിച്ചിട്ടില്ലാന്നു കണ്ടാൽ, അപ്പത്തന്നെ വീടടച്ചു പൂട്ടി ഓട്ടോയിൽക്കയറ്റി ഞങ്ങളങ്ങോട്ടു കൊണ്ടുപോകും.” ശാരി വർത്തമാനം വളരെക്കുറച്ചേ പറയാറുള്ളൂ. എങ്കിലും പറയേണ്ടതു പറയുക തന്നെ ചെയ്യും.

“അയ്യോ, ഇവിടന്ന് ഞാനെവിടയ്ക്കുല്ല, മോളേ.”

“എന്നാൽ ആഹാരം ണ്ടാക്കിക്കഴിച്ചോളണം.”

“ണ്ടാക്കിക്കഴിച്ചോളാം.” ദേവകിച്ചേച്ചി ഉറപ്പുകൊടുത്തു.

“ദേവകിച്ചേച്ചിയ്ക്ക് ആഹാരം ണ്ടാക്കാനൊക്കെ ഇപ്പഴാവ്വോ?” ഞാൻ സംശയം പ്രകടിപ്പിച്ചു.

“ആവും മോനേ.”

“അപ്രത്തോ ഇപ്രത്തോ നമ്മടെ നമ്പറു കൊടുത്തേയ്ക്ക്. ആരെങ്കിലും ഇടയ്ക്കൊന്നു കേറി നോക്കട്ടെ. എന്തെങ്കിലും വിശേഷം ണ്ടെങ്കിൽ നമ്മളെ വിളിയ്ക്കട്ടെ.”

ശാരി പറഞ്ഞതു കേട്ടപ്പോൾ ഞാനോർത്തതു ലൂയീസിനെയാണ്. “ലൂയീസിനു നമ്പറു കൊടുക്കാം,” ഞാൻ പറഞ്ഞു. “ലൂയീസ് എപ്പഴും ഇതിലേ പോണ് ണ്ടാകും. കേറി നോക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല.”

“തോമസ്സേട്ടന്റെ കടേലിയ്ക്ക് ഒന്നു വിളിയ്ക്ക്.” ശാരിയുടെ അടുത്ത നിർദ്ദേശം. തോമസ്സേട്ടന്റെ കടയിൽ നിന്നാണു പലചരക്കിനങ്ങൾ വാങ്ങാറുള്ളത്. തോമസ്സേട്ടൻ ഫോണെടുത്തപാടെ, ശാരി പലചരക്കിനങ്ങളുടെ ചെറിയൊരു ലിസ്റ്റു പറഞ്ഞുകൊടുത്തു. അരമണിക്കൂറിനുള്ളിൽ തോമസ്സേട്ടന്റെ സഹായിയായ പോളി സാധനങ്ങളുമായി സൈക്കിളിൽ വരികയും ചെയ്തു.

“ദേവകിച്ചേച്ചിയ്ക്ക് ഒരു മാസത്തേയ്ക്കുള്ള സാധനങ്ങളെല്ലാമായി.” ദേവകിച്ചേച്ചിയുടെ തോളെല്ലു തടവിക്കൊണ്ടു ശാരി പറഞ്ഞു, “ഒന്നുരണ്ടു മാസം കൊണ്ട് ഈ എല്ലു മുഴോൻ ഞങ്ങളു നെകത്തിയെടുക്കും.”

ദേവകിച്ചേച്ചിയുടെ മുഖത്തൊരു പുഞ്ചിരി മെല്ലെ വിടർന്നു.

---

ഈ കഥ തികച്ചും സാങ്കല്പികമാണ്.
sunilmssunilms@rediffmail.com

